**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2192 07.03.2017- ൽ മറുപടിയ്ക്ക്

**ഷീ ഓപ്റ്റിക്കൽ പദ്ധതി**

ചോദ്യം
ശ്രീ.രാജു എബ്രഹാം.

മറുപടി
ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ
(ബഹു.ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സ്ത്രീ ശാക്തീകരണം ലക്ഷ്യമിട്ട് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വനിതാ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കാനിരുന്ന ഷീ ഓപ്റ്റിക്കൽ പദ്ധതി സംബന്ധിച്ച ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെ-ട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഈ പദ്ധതി സംബന്ധിച്ച് എന്തൊക്കെ ആക്ഷേപങ്ങളാണ് ഉന്നയിക്കപ്പെട്ടിട്ടുള്ളത്; ഇത് സംബന്ധിച്ച് എന്തെങ്കിലും തരത്തിലുള്ള അന്വേഷണങ്ങൾ നടത്തിയിട്ടുണ്ടോ; അന്വേഷണ-ത്തിലെ കണ്ടെത്തലുകൾ വിശദീകരിക്കാമോ; ഇതിന്മേൽ എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; | (ബി) | ഈ വിഷയവുമായി ബന്ധപ്പെട്ട് മൂന്ന് റിട്ട് പെറ്റീഷനുകൾ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്. വിഷയം ഇപ്പോൾ ബഹു.ഹൈക്കോടതിയുടെ പരിഗണനയിലാണ്. പദ്ധതിയുടെ ഗുണം ഒരു സ്വകാര്യ സ്ഥാപനത്തിന് മാത്രമായി ലഭിക്കുന്ന തരത്തിലുള്ള ഉടമ്പടിയാണ് എന്നുള്ള ആക്ഷേപം വനിതാ വികസന കോർപ്പറേഷന്റെ ശ്രദ്ധയിൽപ്പെടുകയും തുടർനടപടികൾ എടുത്തുവരുകയും ചെയ്യുന്നു. |

| | | | |
|---|---|---|---|
| (സി) | താലൂക്ക് ആശുപത്രികൾ മുതലുള്ള എല്ലാ ആശുപത്രികളിലും കണ്ണടകൾ വിൽക്കുന്നതിനുള്ള സംവിധാനം അതത് ആശുപത്രികളിൽ തന്നെ ഏർപ്പെടുത്തുന്നതിനും അതിന്റെ ചുമതല അതാത് ആശുപത്രി വികസന സമിതികൾക്കോ കുടുംബശ്രീകൾക്കോ നൽകുന്നതിനും നടപടി സ്വീകരിക്കുമോ? | (സി) | ഇപ്പോൾ പരിഗണനയിലില്ല. |

S. Bindu

**സെക്ഷൻ ഓഫീസർ**